**No. CEE/4050/2016/KEAM-2017/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സ് പ്രവേശനം–2017

### ട്രയൽ അലോട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് / ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കും, സർക്കാർ ഫാർമസി കോളേജുകളിലെ ബി.ഫാം കോഴ്സുകളിലേയ്ക്കുമുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയുടെ ഭാഗമായുള്ള ട്രയൽ അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 28.06.2017 രാവിലെ 10 മണി വരെ ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഈ അലോട്ട്മെന്റ് യഥാർത്ഥ പ്രവേശനം ഉറപ്പ് വരുത്തുന്നില്ല. എന്നാൽ ഇത് ഒരു വിദ്യാർത്ഥിക്ക് പ്രവേശനം ലഭിക്കാനുള്ള കോഴ്സ്/കോളേജ് സാധ്യത മാത്രമാണ് സൂചിപ്പിക്കുന്നത്. വിദ്യാർത്ഥികൾക്ക് ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിനും, ഇതിനോടകം നൽകിയിട്ടുള്ള ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും **ജൂൺ 29-ാം തീയതി (വ്യാഴാഴ്ച) 3 pm** വരെ സമയം അനുവദിച്ചിട്ടുണ്ട്.

**ഒന്നാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കോഴ്സ്–കോളേജ് കോമ്പിനേഷനുകളിലേയ്ക്ക് പിന്നീട് ഒരു ഘട്ടത്തിലും ഓപ്ഷനുകൾ നൽകാൻ അവസരമുണ്ടായിരിക്കുന്നതല്ല.**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
28.06.2017